**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - "Jal Jeevan Mission (JJM) - Phase IV-WSS to Kidangoor, Kadaplamattom and Marangattupally - Pumping and Transmission - Package I - Pipeline work 1" - പ്രവൃത്തിയ്ക്ക് ലഭിച്ച ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ - ബി) വകുപ്പ്**

സ.ഉ.(കൈ) നം.19/2026/WRD തീയതി,തിരുവനന്തപുരം, 22-02-2026

---

പരാമർശം:-

1. സ.ഉ (പി) നം. 16/2017/ധന, തീയതി 06.02.2017.
2. ജി.ഒ (പി) നം. 54/2019/ഫിൻ, തീയതി 04.05.2019.
3. ജി.ഒ (ആർ.റ്റി) നം. 134/2022/ഡബ്ല്യൂ.ആർ.ഡി തീയതി 23.02.2022.
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 06.02.2025 തീയതിയിലെ KWA-JB/9503/2024-AE-12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

"Jal Jeevan Mission (JJM) - Phase IV-WSS to Kidangoor, Kadaplamattom and Marangattupally - Pumping and Transmission - Package I - Pipeline work 1" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി. പ്രസ്തുത പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി സാങ്കേതിക അനുമതിയും നൽകി.

2) പദ്ധതിയുടെ ദർഘാസ് TPAC 14,14,43,369/- രൂപയ്ക്ക് ക്ഷണിച്ചു. ആരും പങ്കെടുക്കാത്തതിനാൽ പ്രവൃത്തി പുന:ദർഘാസ് ചെയ്തു. ഒരു ബിഡ് ലഭിച്ചുവെങ്കിലും NIT പ്രകാരം ആവശ്യമായ സാങ്കേതിക പരിചയം നേടുന്നതിൽ ബിഡ്ഡർ പരാജയപ്പെട്ടതിനാൽ ബിഡ്ഡറെ അയോഗ്യനാക്കാൻ ടെൻഡർ കമ്മിറ്റി തീരുമാനിച്ചു. തുടർന്ന് കോട്ടയം പിഎച്ച് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് പ്രവൃത്തിയുടെ രണ്ടാമത്തെ പുന:ദർഘാസ് ക്ഷണിക്കുകയും, ഒരു ബിഡ് ലഭിക്കുകയും ചെയ്തു. 12.10.2023 ന് ചേർന്ന STC - TA ഏക ബിഡ്ഡറായ ശ്രീ. എൻ.ടി.കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ, എറണാകുളം-ത്തെ (Sri. N.T Kuriakose, Nadackamattathil House, Ezhakkaranadu South P.O.Via- Puthencruz, Ernakulam) പ്രീക്വാളിഫൈ ചെയ്തു. അദ്ദേഹം ക്വാട്ട് ചെയ്ത തുകയായ 16,82,82,134.48 രൂപ TPAC -യെക്കാൾ 18.97% അധികരിച്ചതായിരുന്നു. ഉയർന്ന ക്വാട്ട് തുക കുറയ്ക്കാൻ കേരള വാട്ടർ അതോറിറ്റി ബിഡ്ഡറോട് ആവശ്യപ്പെട്ടെങ്കിലും ആയത് വിസമ്മതിച്ചതിനെ തുടർന്ന് ദർഘാസ് റദ്ദാക്കി.

3) കോട്ടയം പി.എച്ച്. സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് ക്ഷണിച്ച മൂന്നാമത്തെ പുന:ദർഘാസിൽ ശ്രീ. കെ.ജി. എൽദോസ്, കക്കാട്ടിൽ ഹൗസ്, നോർത്ത് മഴുവന്നൂർ, ഐരാപുരം പി.ഒ, എറണാകുളം-ത്തിൽ (Sri. K.G. Eldhose, Kakkattil House, North Mazhuvahnoor, Airapuram P.0, Ernakulam) നിന്ന് ഒരു ബിഡ് ലഭിച്ചു. അദ്ദേഹം ക്വാട്ട് ചെയ്ത തുകയായ 17,50,52,209.24 രൂപ TPAC -യെക്കാൾ 23.76% അധികരിച്ചതായിരുന്നു. ഉയർന്ന ക്വാട്ട് തുക കുറയ്ക്കാൻ കേരള വാട്ടർ അതോറിറ്റി ബിഡ്ഡറോട് ആവശ്യപ്പെട്ടെങ്കിലും ആയത് വിസമ്മതിച്ചതിനെ തുടർന്ന് ദർഘാസ് റദ്ദാക്കുകയും, പുന:ദർഘാസ് ക്ഷണിക്കുകയും ചെയ്തു.

4) നാലാമത്തെ പുന:ദർഘാസ് കോട്ടയം പിഎച്ച് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് ക്ഷണിച്ചു. ഏക ബിഡ്ഡറായ ശ്രീ. എൻ.ടി. കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ, വിയ-പുത്തൻക്രൂസ്, എറണാകുളം (Sri. N.T. Kuriakose, Nadackamattathil House, Ezhakkaranadu South P.0, Via-Puthencruz, Ernakulam) ക്വാട്ട് ചെയ്ത തുകയായ 17,61,34,426.43 രൂപ TPAC -യെക്കാൾ 24.53% അധികരിച്ചതായിരുന്നു. ഉയർന്ന ക്വാട്ട് തുക കുറയ്ക്കാൻ കേരള വാട്ടർ അതോറിറ്റി ബിഡ്ഡറോട് ആവശ്യപ്പെട്ടെങ്കിലും ആയത് വിസമ്മതിച്ചതിനെ തുടർന്ന് ദർഘാസ് റദ്ദാക്കുകയും, പുന:ദർഘാസ് ക്ഷണിക്കുകയും ചെയ്തു.

5) കോട്ടയം പി.എച്ച്. സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് ക്ഷണിച്ച അഞ്ചാമത്തെ പുന:ദർഘാസിന് രണ്ട് ഓഫറുകൾ ലഭിച്ചു. 10.10.2024-ൽ ചേർന്ന STC യോഗം, ശ്രീ. എൻ.ടി. കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ, വിയ-പുത്തൻക്രൂസ്, എറണാകുളം (Sri. N.T. Kuriakose, Nadackamattathil House, Ezhakkaranadu South P.0, Via-Puthencruz, Ernakulam) എന്നവരെ പ്രീക്വാളിഫൈ ചെയ്യാനും, സാങ്കേതിക പരിചയക്കുറവ് കാരണം ശ്രീ. ഷോണി പി. ജേക്കബിനെ അയോഗ്യനാക്കാനും തീരുമാനിച്ചു.

6) ശ്രീ. എൻ.ടി. കുര്യാക്കോസ് ക്വാട്ട് ചെയ്ത തുകയായ 18,09,18,326.43/- രൂപ TPAC -യെക്കാൾ 27.91% അധികരിച്ചതായിരുന്നു. തുടർന്ന് ഉയർന്ന ക്വാട്ട് തുക കുറയ്ക്കാൻ കേരള വാട്ടർ അതോറിറ്റി ബിഡ്ഡറോട് ആവശ്യപ്പെടുകയും, TPAC-യെക്കാൾ 27.81% കൂടുതലുള്ള 18,07,83,826/- രൂപയായി കുറയ്ക്കുകയും ചെയ്തു.

7) പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം, DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. അതായത് കുറഞ്ഞ തുകയും, DSoR plus 10% ആയ 15,44,66,485.94/- രൂപയ്ക്ക് അനുവദിക്കാം.

8) കരാറുകാരൻ ശ്രീ. എൻ.ടി. കുര്യാക്കോസിന് പ്രവൃത്തി അനുവദിക്കുന്നതിനായി താഴെപ്പറയുന്ന കാരണങ്ങൾ ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചു.

i) DI പൈപ്പുകളുടെ വിലയിലുണ്ടായ 20 % - 25 % വർദ്ധനവ്, വിദഗ്ധ തൊഴിലാളികളുടെ കുറവ് മൂലമുണ്ടായ ഉയർന്ന തൊഴിൽ ചെലവുകൾ, ഇടുങ്ങിയതും ഉയർന്ന ഗതാഗത തിരക്കുമുള്ള റോഡുകളിൽ രാത്രികാലങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതുള്ളതിനാൽ ഉണ്ടാകുന്ന ഉയർന്ന ചെലവ് കാരണം കരാറുകാരൻ കൂടുതൽ ചർച്ചകൾ നിരസിച്ചു വെന്ന് അറിയിക്കുകയുണ്ടായി.

ii) കിടങ്ങൂർ, കടപ്ലാമറ്റം, മരങ്ങാട്ടുപള്ളി എന്നീ മൂന്ന് പഞ്ചായത്തുകളിലുമായി ആകെ 7,284 ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTC) പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടെന്നും, പദ്ധതി പൂർത്തിയാകുമ്പോൾ മൂന്ന് പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ഉറപ്പാക്കും എന്നും ഇത് 36,420 താമസക്കാർക്ക് പ്രയോജനപ്പെടും എന്നും, 5 പാക്കേജുകളായി തിരിച്ചിട്ടുള്ള ഈ പദ്ധതിയിൽ ഈ ജോലി മാത്രമേ ബാക്കിയുള്ളൂ, മറ്റെല്ലാ ജോലികളും നിർവ്വഹണ ഘട്ടത്തിലാണെന്നും, പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിനും ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനും ഈ ജോലി സമയബന്ധിതമായി നിർവഹിക്കുന്നത് അത്യന്താപേക്ഷിതമാണ്.

iii) പ്രവൃത്തി ഇതിനകം ആറ് തവണ ടെൻഡർ നൽകുകയും മൂന്ന് തവണ കാലാവധി നീട്ടുകയും ചെയ്തിട്ടുണ്ട്, മികച്ച ഓഫർ ലഭിക്കാനുള്ള സാധ്യത വളരെ കുറവാണ്.

9) പദ്ധതിക്ക് കീഴിലുള്ള മറ്റെല്ലാ വർക്ക് പാക്കേജുകളും ഇതിനകം തന്നെ അനുവദിച്ചു കഴിഞ്ഞുവെന്നും അവ നടപ്പാക്കൽ ഘട്ടത്തിലാണെന്നും കൂടാതെ ഈ പാക്കേജിന്റെ വിജയകരമായ പൂർത്തീകരണം പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് അത്യാവശ്യമാണെന്നും, മുകളിൽ പറഞ്ഞ വസ്തുതകൾ, ഈ പാക്കേജിന്റെ നിർണായകത, ജെജെഎം സമയബന്ധിതമായി

പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യം എന്നിവ കണക്കിലെടുത്ത്, പ്രവൃത്തി ശ്രീ. എൻ.ടി. കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ, വിയ-പുത്തൻക്രൂസ്, എറണാകുളം-ത്തിന്റെ നെഗോഷ്യേറ്റഡ് തുകയായ TPAC-യെക്കാൾ 27.81% അധികരിച്ച തുകയായ 18,07,83,826/- രൂപയ്ക്ക് അനുവദിക്കുന്നത് പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

10) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പല പ്രാവശ്യം പുന:ദർഘാസ് ചെയ്യുകയും അതു പോലെ പലപ്രാവശ്യം ദർഘാസ് കാലാവധി നീട്ടുകയും ചെയ്ത പ്രവൃത്തിയാണിത്. 2022-ൽ ഭരണാനുമതി നൽകിയിട്ടും നാളിതുവരെ പ്രവൃത്തി നടത്താനായിട്ടില്ല. ഇനിയും ദർഘാസ് ചെയ്യുന്നത് ചെലവ് കൂട്ടാനേ ഉപകരിക്കു എന്നും, കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ടെന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

11) പ്രസ്തുത സാഹചര്യത്തിൽ "Jal Jeevan Mission (JJM) - Phase IV-WSS to Kidangoor, Kadaplamattom and Marangattupally Panchayaths Phase 2 - Pumping and Transmission - Package I - Pipeline work 1" എന്ന പ്രവൃത്തി ശ്രീ. എൻ.ടി. കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ, വിയ-പുത്തൻക്രൂസ്, എറണാകുളം -ത്തിന് ((Sri. N.T. Kuriakose, Nadackamattathil House, Ezhakkaranadu South P.O, Via-Puthencruz, Ernakulam) അദ്ദേഹത്തിന്റെ നെഗോഷ്യേറ്റഡ് ക്വാട്ട് തുകയായ, TPAC-യെക്കാൾ 27.81% ഉയർന്ന തുകയായ Rs.18,07,83,826/- (പതിനെട്ട് കോടി ഏഴ് ലക്ഷത്തി എൺപത്തിമൂവായിരത്തി എണ്ണൂറ്റി ഇരുപത്തിയാറ്) രൂപയ്ക്ക് അംഗീകരിക്കുന്നതിനുള്ള അനുമതി, കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാത്ത പക്ഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും ചിലവ് വഹിക്കുന്നതിനുള്ള അനുമതിയും, ചുവടെ ചേർക്കുന്ന കാര്യങ്ങൾ ഭാവിയിൽ പാലിക്കാനുള്ള നിർദ്ദേശം സഹിതം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

a) കർശനമായ പ്രീ-ക്വാളിഫിക്കേഷൻ മാനദണ്ഡങ്ങൾ കാരണം ടെൻഡർ വിജ്ഞാപനങ്ങളോടുള്ള മോശം പ്രതികരണമല്ല ഉണ്ടാകുന്നതെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സ്ഥിരീകരിക്കേണ്ടതാണ് .

b) NIT പ്രകാരം മതിയായ പത്ര പ്രചാരണം ഉറപ്പാക്കിയിട്ടുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി ഉറപ്പാക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (20.02.2026-ലെ 3719 ഇനം. പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം.3060288/പി.യു-സി1/40/2025-ഫിൻ)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Hemalatha Das
Date: 24-02-2026 14:47:14

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 20-02-2026

ഫയൽ നം. ഡബ്ല്യു.എസ്.-ബി3/49/2025/ജവിവ. ഇനം നം: 3719

വിഷയം : ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച Jal Jeevan Mission (JJM) - Phase IV - WSS to Kidangoor, Kadaplamattom and Marangattupally Panchayaths Phase 2 - Pumping and Transmission - Package 1 - Pipeline Work 1 എന്ന പ്രവൃത്തി ശ്രീ. എൻ. ടി. കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ., വിയ - പുത്തൻക്രൂസ്, എറണാകുളം-ത്തിന് അവരുടെ നെഗോഷ്യേറ്റഡ് ക്വാട്ട് തുകയായ TPAC-യെക്കാൾ 27.81% ഉയർന്ന തുകയായ 18,07,83,826/- രൂപയ്ക്ക് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

21/2/26
SS.

37/9

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു.എസ്-ബി3/49/2025-ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച "Jal Jeevan Mission (JJM) - Phase IV-WSS to Kidangoor, Kadaplamattom and Marangattupally Panchayaths Phase 2 - Pumping and Transmission - Package I - Pipeline work 1" എന്ന പ്രവൃത്തി ശ്രീ. എൻ.ടി. കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ, വിയ-പുത്തൻക്രൂസ്, എറണാകുളം-ത്തിന് അവരുടെ നെഗോഷ്യാറ്റഡ് ക്വാട്ട് തുകയായ, TPAC-യെക്കാൾ 27.81% ഉയർന്ന തുകയായ Rs.18,07,83,826/- രൂപയ്ക്ക് അനുവദിക്കുന്നത്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14.05.2025. |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത യുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>:<br>: | അതെ<br>ഉണ്ട്.<br>ഉണ്ട്. |

| | | | |
|---|---|---|---|
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സജികുമാർ.ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച "Jal Jeevan Mission (JJM)-Phase IV-WSS to Kidangoor, Kadaplamattom and Marangattupally Panchayaths Phase 2 - Pumping and Transmission - Package I - Pipeline work 1" എന്ന പ്രവൃത്തി ശ്രീ. എൻ.ടി. കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ, വിയ-പുത്തൻക്രൂസ്, എറണാകുളം-ത്തിന് അവരുടെ നെഗോഷ്യാറ്റഡ് ക്വാട്ട് തുകയായ, TPAC-യെക്കാൾ 27.81% ഉയർന്ന തുകയായ Rs.18,07,83,826/- രൂപയ്ക്ക് അനുവദിക്കുന്ന വിഷയമാണ് കുറിപ്പിൽ പരിശോധിക്കുന്നത്.

2) പ്രവൃത്തിയ്ക്കായി 21129.97 ലക്ഷം രൂപയുടെ ഭരണാനുമതി 23.02.2022 തീയതിയിലെ ജി.ഒ (ആർ.ടി.) നം. 134/2022/ഡബ്ല്യു.ആർ.ഡി പ്രകാരം നൽകുകയും, 1690 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതി നൽകുകയും ചെയ്തു. സപ്ലൈ, ലേയിംഗ്, ടെസ്റ്റിംഗ്, റാ വാട്ടർ പമ്പിംഗ് മെയിനിന്റെ കമ്മീഷനിംഗ്, ട്രാൻസ്മിഷൻ ലൈൻസ്, റോഡ് റെസ്റ്റോറേഷൻ എന്നിവ പ്രവൃത്തിയുടെ പരിധിയിൽ ഉൾപ്പെടുന്നു.

3) ഇ-ടെൻഡർ, ടെൻഡേർഡ് പി.എ.സി 14,14,43,369/- രൂപയ്ക്ക് ക്ഷണിച്ചു. ആരും പങ്കെടുക്കാത്തതിനാൽ പ്രവൃത്തി വീണ്ടും റീടെൻഡർ ചെയ്തു. ഒരൊറ്റ ബിഡ് മാത്രമേ ലഭിച്ചുള്ളൂ, 22.08.2023 ന് സാങ്കേതിക ബിഡ് തുറന്നപ്പോൾ NIT പ്രകാരം ആവശ്യമായ സാങ്കേതിക പരിചയം നേടുന്നതിൽ ബിഡ്ഡർ പരാജയപ്പെട്ടതിനാൽ ഏക ബിഡ്ഡറെ അയോഗ്യനാക്കാൻ ടെൻഡർ കമ്മിറ്റി തീരുമാനിച്ചു. തുടർന്ന് കോട്ടയം പിഎച്ച് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് പ്രവൃത്തിയുടെ രണ്ടാമത്തെ റീ ഇ-ടെൻഡർ പുറപ്പെടുവിച്ചു. ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 28.09.2023 ആയിരുന്നു, 29.09.2023 ന് ടെണ്ടർ തുറക്കുന്ന തീയതിയും നിശ്ചയിച്ചു. ഒരു ബിഡ് മാത്രം ലഭിക്കുകയും, ടെൻഡർ 29.09.2023 ന് തുറക്കുകയും ചെയ്തു. 12.10.2023 ന് ചേർന്ന STC-TA ഏക ബിഡ്ഡറായ

ശ്രീ. എൻ.ടി.കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ, എറണാകുളം-ത്തെ പ്രീക്വാളിഫൈ ചെയ്തു. 17.10.2023 ന് പ്രൈസ് ബിഡ് തുറന്നു, ക്വാട്ട് ചെയ്ത തുകയായ 16,82,82,134.48 രൂപ ടിപിഎസിയേക്കാൾ (14,14,43,369 രൂപ) 18.97% കൂടുതലാണെന്ന് കണ്ടെത്തി.

4) പിഎച്ച് സർക്കിൾ കോട്ടയം-ത്തിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ കോൺട്രാക്ടറുടെ പോർട്ടൽ (PRICE 3.0) വഴി ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ ലേലക്കാരനോട് അഭ്യർത്ഥിച്ചു, എന്നാൽ ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ ലേലക്കാരൻ വിസമ്മതം പ്രകടിപ്പിച്ചു. തുടർന്ന് ടെണ്ടർ റദ്ദാക്കുകയും, പദ്ധതി റീ ടെണ്ടർ ചെയ്യുകയും ചെയ്തു.

5) കോട്ടയം പി.എച്ച്. സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് മൂന്നാമത്തെ റീ-ഇ-ടെൻഡർ ക്ഷണിച്ചു. 30.12.2023 ന് ടെണ്ടർ തുറക്കുന്ന തീയതി നിശ്ചയിച്ചിരുന്നു, എന്നാൽ നിർദ്ദിഷ്ട കാലയളവിനുള്ളിൽ ബിഡ്ഡുകളൊന്നും ലഭിച്ചില്ല. തുടർന്ന് ടെൻഡറിന്റെ സമയപരിധി 05.01.2024 ആയി നീട്ടി. നീട്ടിയ കാലയളവിനുള്ളിൽ ഒരു ബിഡ് ലഭിച്ചു. 17.01.2024 ലെ STC യോഗം, ടെൻഡറിൽ പങ്കെടുത്ത ഏക ബിഡ്ഡറായ ശ്രീ. കെ.ജി. എൽദോസ്, കക്കട്ടിൽ ഹൗസ്, നോർത്ത് മഴുവന്നൂർ, ഐരാപുരം പി.ഒ, എറണാകുളം-ത്തെ പ്രീക്വാളിഫൈ ചെയ്തു. 25.01.2024 ന് പ്രൈസ് ബിഡ് തുറന്നു, ടി.പി.എസി-14,14,43,369 രൂപയെക്കാൾ 23.76% ഉയർന്ന തുകയായ 17,50,52,209.24 രൂപ ക്വാട്ട് ചെയ്തിരുന്നത്. ബിഡ്ഡർ നെഗോഷ്യേറ്റ് ചെയ്യാൻ വിസമ്മതിച്ചതിനാൽ ടെൻഡർ റദ്ദ്ചെയ്യുകയും റീ-ടെൻഡർ ചെയ്യുകയും ചെയ്തു.

6) നാലാമത്തെ റീ ഇ-ടെൻഡർ കോട്ടയം പിഎച്ച് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് ക്ഷണിച്ചു. ടെൻഡറിന്റെ അവസാന തീയതി ആദ്യം 02.03.2024 ആയി നിശ്ചയിച്ചിരുന്നു, സാങ്കേതിക ബിഡ് തുറക്കൽ 04.03.2024 ന് ഷെഡ്യൂൾ ചെയ്തിരുന്നു. ഈ തീയതികൾ യഥാക്രമം 15.04.2024, 16.04.2024 തീയതികളിലേയ്ക്ക് യഥാക്രമം നീട്ടി. 22.04.2024 ന് ചേർന്ന STC - TA

യോഗം ഏക ബിഡ്ഡറായ ശ്രീ. എൻ.ടി. കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ, വിയ-പുത്തൻക്രൂസ്, എറണാകുളം എന്നവരെ പ്രീക്വാളിഫൈ ചെയ്തു. പ്രൈസ് ബിഡ് 03.05.2024 ന് തുറന്നു. ക്വാട്ട് ചെയ്ത തുക ടിപിഎസി-യെക്കാൾ (14,14,43,369) 24.53% ഉയർന്ന തുകയായ 17,61,34,426.43 രൂപയായിരുന്നു. കരാറുകാരൻ ക്വാട്ട് തുക നെഗോഷ്യേറ്റ് ചെയ്യാൻ തയ്യാറാകാത്തതിനാൽ ടെൻഡർ റദ്ദാക്കി വീണ്ടും റീ ടെൻഡർ ചെയ്തു.

7) കോട്ടയം പി.എച്ച്. സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് അഞ്ചാമത്തെ റീ-ഇ-ടെൻഡർ ക്ഷണിച്ചു, ടെൻഡറിന്റെ അവസാന തീയതി 26.07.2024 നും തുറക്കുന്ന തീയതിയായും 27.07.2024 യായും നിശ്ചയിച്ചു. എന്നിരുന്നാലും, നിർദ്ദിഷ്ട കാലയളവിൽ ഓഫറുകളൊന്നും ലഭിച്ചില്ല, ഇത് അവസാന തീയതിയും തുറക്കുന്ന തീയതി യഥാക്രമം 22.08.2024, 23.08.2024 ആയി ദീർഘിപ്പിച്ചു. രണ്ട് ഓഫറുകൾ ലഭിക്കുകയും, 23.08.2024 ന് ടെൻഡർ ഓൺലൈനായി തുറക്കുകയും ചെയ്തു.

8) 10.10.2024-ൽ ചേർന്ന STC യോഗം, ശ്രീ. എൻ.ടി. കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ, വിയ-പുത്തൻക്രൂസ്, എറണാകുളം എന്നവരെ പ്രീക്വാളിഫൈ ചെയ്യാനും, സാങ്കേതിക പരിചയക്കുറവ് കാരണം ശ്രീ. ഷോണി പി. ജേക്കബിനെ അയോഗ്യനാക്കാനും തീരുമാനിച്ചു. അതനുസരിച്ച് അന്തിമ പ്രീക്വാളിഫിക്കേഷൻ നടപടികൾ പുറപ്പെടുവിച്ചു. പ്രൈസ് ബിഡ് 16.10.2024-ന് തുറന്നു, വിശദാം

| Name and address of the bidder | TPAC | Quoted Amount | Comparison with TPAC |
|---|---|---|---|
| Sri. N.T Kuriakose, Nadackamattathil House, Ezhakkaranadu South P.O. Via- Puthencruz, Ernakulam | 14,14,43,369/- | 18,09,18,326.43/- | 27.91% above |

9) ഐറ്റം റേറ്റ് കോൺട്രാക്ട് ആയാണ് ടെൻഡർ ക്ഷണിച്ചത്. 21.11.2024-ൽ നടന്ന STC - TA മീറ്റിംഗിൽ, ഏക ബിഡ്ഡറായ ശ്രീ. എൻ.ടി. കുര്യാക്കോസ് ക്വാട്ട് ചെയ്ത നിരക്കുകൾ, PRICE-ലെ നിലവിലുള്ള DSR-ഉം നിലവിലെ LMR നിരക്കുകളും താരതമ്യം ചെയ്യുമ്പോൾ ഗണ്യമായി ഉയർന്നതാണെന്ന് കണ്ടെത്തി. 04.05.2019-ലെ G.O. (P) നമ്പർ 54/2019/Fin ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച്, ക്വാട്ട് ചെയ്ത നിരക്കുകൾ DSR + 10% എന്ന അനുവദനീയമായ ടോളറൻസ് പരിധിക്കുള്ളിൽ അല്ലെങ്കിൽ LMR ഏതാണോ കുറവ് അതിലേയ്ക്ക് കുറയ്ക്കുന്നതിനുള്ള സാധ്യത വിലയിരുത്തുന്നതിനായി ടെൻഡറിംഗ് അതോറിറ്റി ബിഡ്ഡറുമായി ചർച്ചകളിൽ ഏർപ്പെട്ടു. അന്തിമ നെഗോഷ്യേറ്റഡ് തുക 18,07,83,826/- രൂപയാണ്, ഇത് TPAC-യെക്കാൾ 27.81% കൂടുതലാണ്. വിശദാംശം താഴെ പറയുന്നു.

| Sl.No | Description | Amount |
|---|---|---|
| 1 | Estimated amount based on current LMR (excluding PWD restoration charges and GST) | Rs. 16,44,09,704.48/- (16.2% Above TPAC) |
| 2 | Negotiated Contract PAC of the Lowest bidder | Rs.18,07,83,826/- (27.81% Above TPAC) |
| 3 | Current DSR plus 10% | Rs. 15,44,66,485.94/- |

10) 06.02.2017 തീയതിയിലെ G.O.(P) നമ്പർ 16/2017/Fin, 04.05.2019 തീയതിയിലെ GO (P) നമ്പർ 54/2019/Fin എന്നിവ പ്രകാരം, മുകളിൽ പറഞ്ഞ മൂന്ന് തുകകളിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെൻഡർ അനുവദിക്കാവുന്നതാണ്. അതായത് DSR plus 10% ആയ 15,44,66,485.94/- രൂപയ്ക്ക് അനുവദിക്കാം.

11) കരാറുകാരൻ ശ്രീ. എൻ.ടി. കുര്യാക്കോസിന് പ്രവൃത്തി അനുവദിക്കുന്നതിനായി താഴെപ്പറയുന്ന കാരണങ്ങൾ ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

i. പ്രവൃത്തിയിൽ പ്രധാനമായും ഉൾപ്പെടുന്നത് 23.08 കിലോമീറ്റർ നീളത്തിൽ 150 mm മുതൽ 450 mm വരെ വലിപ്പമുള്ള DI പൈപ്പുകളുടെ വിതരണവും സ്ഥാപിക്കലുമാണ്. ഉയർന്ന വിലയ്ക്ക് കാരണമായ നിരവധി ഘടകങ്ങൾ

ചൂണ്ടിക്കാട്ടിയ കരാറുകാരൻ കൂടുതൽ ചർച്ചകൾ നിരസിച്ചു, JJM നടപ്പിലാക്കൽ മൂലമുണ്ടായ വർദ്ധിച്ച ആവശ്യകതയെ തുടർന്ന് DI പൈപ്പുകളുടെ വിലയിലുണ്ടായ 20 % - 25 % വർദ്ധനവ്, വിദഗ്ധ തൊഴിലാളികളുടെ കുറവ് മൂലമുണ്ടായ ഉയർന്ന തൊഴിൽ ചെലവുകൾ, ഇടുങ്ങിയതും ഉയർന്ന ഗതാഗത തിരക്കുമുള്ള റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതുള്ളതിനാൽ രാത്രികാലങ്ങളിൽ പ്രവർത്തി നടത്തുന്നത് എന്നീ കാരണങ്ങളാൽ ആവശ്യകത എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഉയർന്ന വിലയ്ക്ക് കാരണമായ നിരവധി ഘടകങ്ങൾ ചൂണ്ടിക്കാട്ടി കരാറുകാരൻ കൂടുതൽ ചർച്ചകൾ നിരസിച്ചു.

ii. 19.12.2024 എന്ന യഥാർത്ഥ കാലഹരണ തീയതിക്ക് അപ്പുറം, സാധുത കാലയളവ് നാല് മാസം കൂടി നീട്ടാൻ കരാറുകാരൻ ശ്രീ. എൻ.ടി. കുര്യാക്കോസ് സന്നദ്ധത പ്രകടിപ്പിച്ചു.

iii. കിടങ്ങൂർ, കടപ്ലാമറ്റം, മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തുകളിലേക്ക് ഗാർഹിക ജല കണക്ഷനുകൾ നൽകുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. മൂന്ന് പഞ്ചായത്തുകളിലുമായി ആകെ 7,284 ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTC) ആസൂത്രണം ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തിയാകുമ്പോൾ, മൂന്ന് പഞ്ചായത്തുകളിലെയും എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ഉറപ്പാക്കും, ഇത് 36,420 താമസക്കാർക്ക് പ്രയോജനപ്പെടും.

iv. 5 പാക്കേജുകളായി തിരിച്ചിട്ടുണ്ടുള്ള ഈ പദ്ധതിയിൽ ഈ ജോലി മാത്രമേ ബാക്കിയുള്ളൂ, മറ്റെല്ലാ ജോലികളും നിർവ്വഹണ ഘട്ടത്തിലാണ്.

v. പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിനും ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനും ഈ ജോലി സമയബന്ധിതമായി നിർവഹിക്കുന്നത് അത്യന്താപേക്ഷിതമാണ്.

vi. പ്രവൃത്തി ഇതിനകം ആറ് തവണ ടെൻഡർ നൽകുകയും മൂന്ന് തവണ കാലാവധി നീട്ടുകയും ചെയ്തിട്ടുണ്ട്, മികച്ച ഓഫർ ലഭിക്കാനുള്ള സാധ്യത വളരെ കുറവാണ്.

12) ഭേദഗതി ചെയ്ത ജെജെഎം മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ജെജെഎമ്മിന് കീഴിൽ അനുവദിച്ച എല്ലാ പദ്ധതികളും ചെലവോ സമയനഷ്ടമോ കൂടാതെ നടപ്പിലാക്കേണ്ടതാണ്. അംഗീകൃത ചെലവിനേക്കാൾ കൂടുതൽ ചെലവ് ഉണ്ടായാൽ, അത് ബന്ധപ്പെട്ട സംസ്ഥാനവും നിയമസഭയുള്ള കേന്ദ്രഭരണ പ്രദേശങ്ങളും വഹിക്കേണ്ടിവരും, കൂടാതെ ജെജെഎമ്മിന് കീഴിൽ ലഭ്യമായ വിഭവങ്ങളിൽ നിന്ന് അധിക ചെലവുകൾ അനുവദിക്കില്ല. "ഒരു പ്രോജക്റ്റിനോ സ്കീമിനോ വേണ്ടിയുള്ള ടെൻഡർ ക്ഷണിച്ചതിന്റെ കണക്കാക്കിയ ചെലവിനേക്കാൾ അംഗീകൃത ചെലവ് കൂടുതലാണെങ്കിൽ, ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ജല-ശുചിത്വ മിഷന്റെ അപെക്സ് കമ്മിറ്റിയുടെ തലവന്റെ അംഗീകാരം പ്രവൃത്തി നൽകുന്നതിന് മുമ്പ് എടുക്കേണ്ടതാണ് ".

13) പദ്ധതിക്ക് കീഴിലുള്ള മറ്റെല്ലാ വർക്ക് പാക്കേജുകളും ഇതിനകം തന്നെ അനുവദിച്ച കഴിഞ്ഞു, അവ നടപ്പാക്കൽ ഘട്ടത്തിലാണ്. കൂടാതെ ഈ പാക്കേജിന്റെ വിജയകരമായ പൂർത്തീകരണം പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് അത്യാവശ്യമാണ്. മുകളിൽ പറഞ്ഞ വസ്തുതകൾ, ഈ പാക്കേജിന്റെ നിർണായകത, ജെജെഎം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യം എന്നിവ കണക്കിലെടുത്ത്, മുകളിൽ പറഞ്ഞ ടെൻഡർ അംഗീകരിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചു.

14) Comparison statement with Negotiated Quoted amount.

| Negotiated Quoted Amount Rs.18,07,83,826/- | | |
|---|---|---|
| | **Amount** | **Quoted amount Percentage above or below** |
| Tendered PAC | Rs.14,14,43,369/- | 27.81 % above |
| Current DSR+10% | Rs. 15,44,66,485.94/- | 17.03 % above |
| Local Market Rate (LMR) | Rs. 16,44,09,704.48/- | 9.96 % above |

15) ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*Since this is the sixth call of tenders and also considering the timely completion of above JJM Project, AD is requested to place the tender of Sri.N.T Kuriakose, Nadackarnattathil House, Ezhakkaranadu South P.O., Puthencruz (via), Ernakulam at his reduced rate of Rs.18,07,83,826/- which is @27.81% above EPAC before the Council of Ministers for consideration with valid justification and subject to the following remarks:*

*a) It is seen that the response to the tender process was very poor. Hence Managing Director, Kerala Water Authority shall be advised to confirm that poor response to the tender notifications shall not be attributable to the stringent pre-qualification norms*

*b) Kerala Water Authority shall confirm that adequate news paper publicity for the NIT has been ensured.*

*This has the approval of Hon,ble Minister (Finance)*

16) ഫയൽ സമർപ്പിച്ചപ്പോൾ ബഹു.ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

അഞ്ച് പ്രാവശ്യം റിടെണ്ടർ ചെയ്യുകയും പലപ്രാവശ്യം ടെണ്ടർ കാലാവധി നീട്ടുകയും ചെയ്ത കേസാണിത്. 2022-ൽ ഭരണാനുമതി നൽകിയിട്ടും നാളിതുവരെ പ്രവൃത്തി നടത്താനായിട്ടില്ല. ഇനിയും ടെണ്ടർ ചെയ്യുന്നത് ചെലവ് കൂട്ടാനേ ഉപകരിക്കു എന്നതിനാലും കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട് എന്നതിനാലും ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും.

17) മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

18) കരട് മന്ത്രിസഭാ കുറിപ്പ് സമർപ്പിച്ചപ്പോൾ, പ്രവൃത്തി അംഗീകരിക്കുന്ന കാര്യത്തിൽ ജൽ ജീവൻ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാന ജല-ശുചിത്വമിഷന്റെ അപ്പെക്സ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് കമ്മിറ്റിയുടെ ശിപാർശ കൂടി ഉൾപ്പെടുത്തി മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കാൻ ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി.

19) വിഷയം 10th State Water and Sanitation Mission (SWSM) Apex Committee meeting-ൽ പരിഗണിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു .

After detailed discussion, the 10th SWSM Apex committee meeting decided that since the Govt.of India has not officially communicated the extension of the JJM Mission Period and also not issued the new guidelines for JJM, the approval of new tenders can be kept in abeyance and can be considered after approval of the Mission period extension and issuance of new guidelines by GoI.

20) 24.06.2024 ലെ ഉത്തരവ് നമ്പർ W-11045/2/2024-JJM-II-DDWS പ്രകാരം 16.08.2024 ന് ശേഷം ഒരു പ്രവൃത്തിയും അവാർഡ് ചെയ്യരുതെന്ന് ഇന്ത്യാ ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഈ നിയന്ത്രണം നീക്കം ചെയ്തില്ലെങ്കിൽ, പദ്ധതിക്കുള്ള JJM-ന്റെ സാമ്പത്തിക സഹായം ലഭ്യമാകില്ലെന്നും മുഴുവൻ ചെലവും സംസ്ഥാനം വഹിക്കേണ്ടിവരുന്നതാണ്. കൂടാതെ, 16.08.2024 തീയതിക്ക് മുമ്പ് നൽകിയ ജോലിക്ക് കേന്ദ്ര സഹായം നൽകാൻ പോലും JJM-II-ന്റെ അംഗീകാര ഉത്തരവ് ഇതുവരെ ഇന്ത്യാ ഗവൺമെന്റിൽ നിന്ന് ലഭിച്ചിട്ടില്ല.

**തീരുമാനിക്കേണ്ട വിഷയം**

(A) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച "Jal Jeevan Mission (JJM) - Phase IV-WSS to Kidangoor, Kadaplamattom and Marangattupally Panchayaths Phase 2 - Pumping and Transmission - Package I - Pipeline work 1" എന്ന പ്രവൃത്തി ശ്രീ. എൻ.ടി. കുര്യാക്കോസ്, നടക്കാമറ്റത്തിൽ ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ, വിയ-പുത്തൻക്രൂസ്, എറണാകുളം -ത്തിന് അവരുടെ നെഗോഷ്യേറ്റഡ് ക്വാട്ട് തുകയായ, TPAC-യെക്കാൾ 27.81% ഉയർന്ന തുകയായ Rs.18,07,83,826/- (പതിനെട്ട് കോടി ഏഴ് ലക്ഷത്തി എൺപത്തിമൂവായിരത്തി എണ്ണൂറ്റി ഇരുപത്തിയാറ്) രൂപയ്ക്ക് അംഗീകരിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ കേരള വാട്ടർ അതോറിറ്റിക്ക് അനുമതി നൽകാമോ? എങ്കിൽ കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാത്ത പക്ഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും ചിലവ് വഹിക്കാമോ?

(B) ധനകാര്യ വകുപ്പ് നിർദ്ദേശിച്ച താഴെപറയുന്ന കാര്യങ്ങൾ ഭാവിയിൽ പാലിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകാവുന്നതാണ്.

a) Managing Director, Kerala Water Authority shall confirm that poor response to the tender notifications shall not be attributable to the stringent pre-qualification norms
b) Kerala Water Authority shall confirm that adequate news paper publicity for the NIT has been ensured.